**കേരള സർക്കാർ**

സംഗ്രഹം

സാമൂഹ്യക്ഷേമ വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - അംഗൻവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും വിരമിക്കൽ പ്രായം 62 വയസ്സായി നിജപ്പെടുത്തിയും, നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി 46 വയസ്സായി ഉയർത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യക്ഷേമ (ബി) വകുപ്പ്**

സ.ഉ(എം.എസ്) നം.33/2012/സാക്ഷേവ തീയതി, തിരുവനന്തപുരം,31.05.2012

---

പരാമർശം : 1) കേന്ദ്ര വനിതാ ശിശുക്ഷേമ വകുപ്പിന്റെ 16.12.2004-ലെ 1-3/2004-CD-1 നമ്പർ കത്ത്.
2) 16.09.2009-ലെ സ.ഉ. (എം.എസ്) നം. 40/2009/സാക്ഷേവ.
3) 28.04.2012-ലെ സ.ഉ. .(സാധാ) നം. 219/2012/സാക്ഷേവ.

**ഉത്തരവ്**

അംഗൻവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും ഉയർന്ന പ്രായപരിധി നിശ്ചയിക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന് തീരുമാനമെടുക്കാവുന്നതാണെന്ന പരാമർശം (1) ലെ കേന്ദ്ര സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഐസിഡിഎസ് പ്രോജക്ടുകളിലെ അംഗൻവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും വിരമിക്കൽ പ്രായം 60 വയസ്സായി നിജപ്പെടുത്തിക്കൊണ്ടും എല്ലാ വർഷവും മേയ് 1നും ഏപ്രിൽ 30 നുമിടയ്ക്ക് 60 വയസ്സ് പൂർത്തിയാക്കുന്നവരുടെ വിരമിക്കൽ തീയതി ഏകീകരിച്ച് ഏപ്രിൽ 30 ആയി നിശ്ചയിച്ചുകൊണ്ടും പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ജീവനക്കാരുടെ രണ്ടു പ്രമുഖ സംഘടനകളായ ഇൻഡ്യൻ നാഷണൽ അംഗൻവാടി എംപ്ലോയീസ് ഫെഡറേഷനും ഇന്ത്യൻ നാഷണൽ അംഗൻവാടി എംപ്ലോയീസ് അസോസിയേഷനും പെൻഷൻ പ്രായം യഥാക്രമം 65 വയസ്സും 62 വയസ്സുമായി ഉയർത്തണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഐസിഡിഎസ് പ്രോജക്ടുകളിലെ അംഗൻവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും വിരമിക്കൽ പ്രായം 60 വയസ്സിൽ നിന്നും 62 വയസ്സായി നിജപ്പെടുത്തിക്കൊണ്ടും, അംഗൻവാടി ജീവനക്കാരെ നിയമിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 44 വയസ്സിൽ നിന്നും 46 വയസ്സായി ഉയർത്തിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഡോ. കെ.എം. എബ്രഹാം
പ്രിൻസിപ്പൽ സെക്രട്ടറി

സാമൂഹ്യക്ഷേമ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.

ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർ
ശിശുവികസന പദ്ധതി ഓഫീസർമാർ (സാമൂഹ്യക്ഷേമ ഡയറക്ടർ മുഖാന്തിരം)
ധനകാര്യ വകുപ്പ്.
തദ്ദേശ സ്വയംഭരണ വകുപ്പ് .
പൊതുഭരണ (എസ്.സി) വകുപ്പ്
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻ ഡിപ്പാർട്ട്മെന്റ്.
കരുതൽ ഫയൽ, ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ